LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ജനറലാശുപത്രിയിലെ ഫിസിക്കൽ മെഡിസിൻ വാർഡ്

151 [154] ശ്രീ. വർക്കല കഹാർ:
,, എ. പി. അനിൽകുമാർ:
,, ഡി. സുഗതൻ:
,, ഇ. എം. അഗസ്തി:

ശ്രീമതി മാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രി ഫിസിക്കൽ മെഡിസിൻ ഡിപ്പാർട്ട്മെന്റിനുവേണ്ടി നിർമ്മിച്ച കെട്ടിടത്തിന്റെ ഉത്ഘാടനം നടത്തിയതെന്നാണ്;

(ബി) പ്രസ്തുത കെട്ടിടത്തിൽ ഫിസിക്കൽ മെഡിസിൻ വാർഡുകൾ പ്രവർത്തനം ആരംഭിച്ചുവോ;

(സി) എങ്കിൽ എത്ര വാർഡുകൾ ഫിസിക്കൽ മെഡിസിൻ വാർഡുകളായി ഉപയോഗിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കെട്ടിടത്തിൽ ഫിസിക്കൽ മെഡിസിൻ വാർഡുകൾ പ്രവർത്തിക്കാത്തപക്ഷം അതിനുള്ള കാരണം അറിയിക്കാമോ;

(ഇ) തിരുവനന്തപുരം ജനറൽ ആശുപത്രിയോടനുബന്ധിച്ച് ഫിസിക്കൽ മെഡിസിൻ വകുപ്പിൽ യോഗ്യത നേടിയ എത്ര ഡോക്ടർമാരും ഫിസിയോതൊറാപ്പിസ്റ്റുമാരും ജോലി ചെയ്യുന്നുണ്ട്.

(എഫ്) പ്രതിദിനം ശരാശരി എത്ര രോഗികൾ ഇവിടെ ചികിത്സതേടി എത്തുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(ജി) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഫിസിക്കൽ മെഡിസിനു വേണ്ടി നിർമ്മിച്ച കെട്ടിടത്തിൽ ഫിസിക്കൽ മെഡിസിൻ വാർഡുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 18-3-1996-ൽ

(ബി ആന്റ് സി) ഭാഗികമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുരുഷന്മാരെ വാർഡ് 3-ലും സ്ത്രീകളെ വാർഡ് 8-ന്റെ രണ്ടാം നിലയിലും കിടത്തി ചികിത്സിക്കുന്നു. (ഓരോ വിഭാഗത്തിലും 5 ബെഡ്ഡുകൾ വീതം ഉണ്ട്).

(ഡി) വാർഡിലേക്ക് ആവശ്യമായ സ്റ്റാഫിനെ നിയമിക്കാത്തതുകൊണ്ടാണ് പ്രവർത്തനം പൂർണ്ണമായി നടക്കാത്തത്.

(ഇ) രണ്ട് ഡോക്ടർമാരും രണ്ട് ഫിസിയോതൊറാപ്പിസ്റ്റുമാരും ജോലി ചെയ്യുന്നുണ്ട്.

(എഫ്) പ്രതിദിനം ശരാശരി 75 മുതൽ 100 വരെ രോഗികൾ ഇവിടെ ചികിത്സതേടി എത്തുന്നുണ്ട്.

(ജി) പ്രവർത്തനത്തിന് ആവശ്യമായ അധിക സ്റ്റാഫിന്റെ സേവനം (ഹെഡ് നേഴ്സ്–1, സ്റ്റാഫ് നേഴ്സ്–6, നേഴ്സിംഗ് അസിസ്റ്റന്റ്–3, അറ്റന്റന്റ് ഗ്രേഡ്-I–1, അറ്റന്റന്റ് ഗ്രേഡ്-II–4, എന്നീ തസ്തികകൾ ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയും. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിയന്ത്രണം നിലനിൽക്കുന്നതിനാൽ അധിക തസ്തികകൾ സൃഷ്ടിക്കുവാൻ സാധിച്ചിട്ടില്ല.

ഡിപ്ലോമേറ്റ് ഇൻ നാഷണൽ ബോർഡ് പരീക്ഷ പരിശീലന കേന്ദ്രങ്ങൾ

152 [155] ശ്രീ. എം. പി. ഗംഗാധരൻ:
,, കെ. സി. വേണുഗോപാൽ:
,, എൻ. ശക്തൻ:
,, എം. കെ. പോൾസൺമാസ്റ്റർ:
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിപ്ലോമേറ്റ് ഇൻ നാഷണൽ ബോർഡ് പരീക്ഷയ്ക്ക് പഠിതാക്കളെ തയ്യാറാക്കുന്ന ഏതെല്ലാം കേന്ദ്രങ്ങളാണ് സംസ്ഥാനത്തുള്ളത്;

(ബി) ഇവ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ബ്രിട്ടീഷ് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുള്ള ഒരു കോഴ്സ് എന്നനിലയിൽ സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഈ കോഴ്സ് തുടർന്ന് നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2004 ജൂണിൽ ഡിപ്ലോമേറ്റ് ഇൻ നാഷണൽ ബോർഡ് പ്രസിദ്ധീകരിച്ച സംസ്ഥാനത്തെ പരിശീലന കേന്ദ്രങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.† ഇതിനു പുറമെ 2002, 2003, 2004 വർഷങ്ങളിൽ അഡ്മിറ്റ് ചെയ്യപ്പെട്ട വിദ്യാർത്ഥികൾ സംസ്ഥാനത്തെ തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജുകളിൽ ഡിപ്ലോമേറ്റ് പഠനം തുടർന്നുവരുന്നുണ്ട്.

(ബി, സി, ആന്റ് ഡി) 2004 ജൂണിൽ ഡിപ്ലോമേറ്റ് ഇൻ നാഷണൽ ബോർഡ് പ്രസിദ്ധീകരിച്ച ലിസ്റ്റിൽ സംസ്ഥാനത്ത് ഇപ്പോൾ കോഴ്സുകൾ നടത്തിവരുന്ന തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ പേര് ഉൾപ്പെടുത്തിയിട്ടില്ല. സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിൽ പ്രസ്തുത കോഴ്സ് നിലനിർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് പ്രത്യേകമായി അഭ്യർത്ഥിച്ചിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly